**പതിനാലാം കേരള നിയമസഭ അഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 5783**
**- 25.05.2017-ന് മറുപടി നൽകേണ്ടത്**

**<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം</u>**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. അനിൽ അക്കര**<br>**ശ്രീ. റോജി.എം. ജോൺ**<br>**ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ** | **ഡോ. റ്റി.എം. തോമസ് ഐസക്,**<br>**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനനം വിലയിരുത്തിയിട്ടുണ്ടോ; | ഉണ്ട്. |
| ബി. | 2016-17 കാലയളവിൽ വായ്പ തിരിച്ചടവിലും പലിശ വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; 2015-16 നെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്; | ഉണ്ട്, 2016-17 ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം, വായ്പ തിരിച്ചടവ് മുൻ വർഷത്തെക്കാളും 15.19% വർദ്ധനവും, മൊത്ത വരുമാനം 13.40% വർദ്ധനവും, പലിശ വരുമാനം 11.30% വർദ്ധനവും രേഖപ്പെടുത്തി. കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷത്തെ കണക്കുകൾ താഴെ പറയും പ്രകാരമാണ്. |

***തുക കോടി രൂപയിൽ***

| | 2015-16 | 2016-17 | വർദ്ധനവ് |
|---|---|---|---|
| വായ്പ തിരിച്ചടവ് | 758.21 | 873.38 | 15.19% |
| മൊത്ത വരുമാനം | 308.98 | 350.38 | 13.40% |
| പലിശ വരുമാനം | 272.06 | 302.92 | 11.30% |

| | | |
|---|---|---|
| സി. | സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കായുള്ള ഏതെങ്കിലും പുതിയ പദ്ധതി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സ്റ്റാർട്ടപ്പുകൾക്കായി 10 ലക്ഷം രൂപ വരെ മിതമായ പലിശ നിരക്കിൽ ഈട് രഹിത വായ്പ നൽകുന്ന ഒരു പുതിയ പദ്ധതി 16.01.2017 മുതൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br>കൂടാതെ അഞ്ചു വർഷം കൊണ്ട് 1500 പുതു സംരംഭങ്ങൾ സ്ഥാപിക്കാനുതകുന്ന പലിശ രഹിത വായ്പ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**